"ഭരണഭാഷ-മാതൃഭാഷ"

# ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് - ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം - വാകത്താനം ഗ്രാമപഞ്ചായത്ത് - കൊമേഴ്സ്യൽ കെട്ടിട നിർമ്മാണം - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : വാകത്താനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.01.2021 -ലെ എ 4/182/2020(1) നമ്പർ കത്ത്.

---

**ഉത്തരവ് നമ്പർ TCPKTM/82/2021-C** **തീയതി : 03/05/2021**

---

കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വാകത്താനം വില്ലേജിൽ, ബ്ലോക്ക് നമ്പർ 14-ൽ റീസർവ്വെ നമ്പർ 150/12-ൽപ്പെട്ട 9740 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് നിലവിൽ പള്ളിയും അനുബന്ധ കെട്ടിടങ്ങളും ഉള്ള കോമ്പൗണ്ടിൽ 254.26 ച.മീ വിസ്തീർണ്ണമുള്ള കൊമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിനും, ഗസ്റ്റ് ഹൗസും, പാരീഷ് ഹാളിന്റെ കെട്ടിട ഭാഗങ്ങളും ക്രമവൽക്കരിക്കുന്നതിനായും കെ.പി.ബി.ആർ-2019 ചട്ടങ്ങൾക്കും, താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ -ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പ വരുത്തിയ ശേഷം മാത്രമേ കെട്ടിടനിർമ്മാണ അനുമതി /ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ.

**<u>നിബന്ധനകൾ</u>**

1. കെ.പി.ബി.ആർ-2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും, സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തേണ്ടതാണ്.
2. കെ.പി.ബി.ആർ-2019 ചട്ടം 5(4) ടേബിൾ ക്രമനമ്പർ 12 പ്രകാരം ഫയർ ഡിപ്പാർട്ട്മെന്റിൽ നിന്നും അനുമതി ആവശ്യമാണ്.
3. കെ.പി.ബി.ആർ-2019 ചട്ടം 29 പ്രകാരം ആവശ്യമായ കാർ പാർക്കിംഗും അതിനു അനുസൃതമായി ടൂവീലർ പാർക്കിംഗും നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ്.
4. പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും, വാഹനങ്ങൾ സുഗമമായി തിരിയുന്നതിനുള്ള സൗകര്യത്തോടു കൂടിയതുമാണ് എന്നും, അവ ഭാവിയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.
5. കെ.പി.ബി.ആർ-2019 ചട്ടം 42 provisions for differently abled, elderly and children

ആവശ്യമായ എല്ലാ സൗകര്യങ്ങളും ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

6. ക്രമവൽക്കരിക്കേണ്ട പാരിഷ് ഹാൾ , ഗസ്റ്റ് ഹൗസ് കെട്ടിടങ്ങൾക്ക കെ.എം.ബി.ആർ ചട്ടം 42 പ്രകാരം ശാരീരിക വൈകല്യമുള്ളവർക്ക ആവശ്യമായ റാമ്പ് മുതലായ സൗകര്യങ്ങൾ ഉണ്ടെന്ന സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ്.
7. കെ.പി.ബി.ആർ–2019 ചട്ടം 42(5) പ്രകാരം ശാരീരിക വൈകല്യമുള്ളവർക്ക് ആവശ്യമായ പാർക്കിംഗ് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ്.
8. കെ.പി.ബി.ആർ–2019 ചട്ടം 77 പ്രകാരം Roof top solar energy installation നൽകിയിട്ടുണ്ടെന്ന് ചട്ടം 77(3)–ൽ നിർദ്ദേശിച്ചിരിക്കുന്ന വിധത്തിൽ സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ്.
9. കെ.പി.ബി.ആർ–2019 ചട്ടം 78 പ്രകാരം Solar assisted water heating system in building നൽകിയിട്ടുണ്ടെന്ന് ചട്ടം 78(5)ൽ നിർദ്ദേശിച്ചിരിക്കുന്ന വിധത്തിൽ സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ്.
10. കട്ടിംഗ് & ഫില്ലിംഗ് ആവശ്യമുണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി നേടിയിരിക്കണം.
11. കെ.പി.ബി.ആർ–2019 അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പവരുത്തണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി അല്ല . കെ.പി.ബി.ആർ–2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല . കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : 24/2021/KTM)

**SUJA MATHAI, TP TPKTYM, O/O TP TPKTYM**

വാകത്താനം ഗ്രാമപഞ്ചായത്ത്
(പ്ലാൻ 1 സെറ്റ് സഹിതം)

പകർപ്പ് :

1. ഫാ.വികാർ, സെന്റ് മാത്യൂസ് ചർച്ച് ക്നാനായ കത്തോലിക് ചർച്ച്, വാകത്താനം, കോട്ടയം–686538
2. അധികം –1